## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം:5438 28.07.2015 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ പദ്ധതി വിഹിത വിനിയോഗം

**ചോദ്യം**

ശ്രീ.കെ. കെ.ജയചന്ദ്രൻ,
പി.ടി.എ.റഹീം,
ഡോ. കെ.ടി. ജലീൽ,
ശ്രീ. കെ. വിജയ ദാസ്

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പിന് അനുവദിക്കപ്പെട്ട തുക കാര്യക്ഷമമായി ചെലവഴിക്കപ്പെടുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ ക്ഷേമവകുപ്പിന് ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിക്കപ്പെട്ട തുകയും പിൻവലിക്കപ്പെട്ട തുകയും സംബന്ധിച്ച കണക്ക് ലഭ്യമാണോ, എങ്കിൽ അവ നല്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് അനുവദിക്കപ്പെട്ട തുകയിൽ ചെലവഴിക്കപ്പെടാതെ പോയതും ലാപ്സായി പോയതും ഏതൊക്കെ പദ്ധതികൾക്കായിരുന്നു എന്നറിയിക്കുമോ;

(ഡി) പ്രസ്തുത അവസ്ഥ സംജാതമായതിന്റെ കാരണം അറിയിക്കാമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

(എ) ഉണ്ട്

(ബി)

| | (തുക ലക്ഷത്തിൽ) | | | | |
|---|---|---|---|---|---|
| | വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ശതമാനം |
| പ്ലാൻ | 2011-12 | 0 | 1940.63 | 1937.90 | 99.85 |
| | 2012-13 | 8449.97 | 211.36 | 211.36 | 100 |
| | 2013-14 | 10300 | 4817.51 | 4814.94 | 99.94 |
| | 2014-15 | 13000 | 2563.95 | 2504 | 97.66 |

(സി) യും (ഡി) യും ആഫീസ് കമ്പ്യൂട്ടറൈസേഷനുവേണ്ടി 2013-14 വർഷത്തിൽ അനുവദിക്കപ്പെട്ട 15 ലക്ഷം രൂപ സാങ്കേതിക തടസ്സം കാരണം നടപ്പിലാക്കാൻ കഴിയാത്തതിനാൽ തിരിച്ചടക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.ഐ.സി (നാഷണൽ ഇൻഫർമാറ്റിസ് സെന്റർ), സർക്കാർ നിർദ്ദേശപ്രകാരമുള്ള എം.ഒ.യു. ഒപ്പ് വെയ്ക്കാൻ തയ്യാറാകാത്തതുകാരണം ടി പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയായ എം.എസ്.ഡി.പി. ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുമെന്ന പ്രതീക്ഷയിൽ കൂടുതൽ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. അപ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കാതെ വന്നപ്പോൾ കൂടുതലായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന ഫണ്ട് സറണ്ടർ ചെയ്യേണ്ടി വന്നു.

Kajam

സെക്ഷൻ ഓഫീസർ